ചക്കംകണ്ടത്ത് പ്ലാന്റല്ല വേണ്ടത്

# മാലിന്യമേതായാലും ഉറവിടത്തിൽ സംസ്ക്കരിക്കണം

സി എഫ് ജോർജ്

ഗുരുവായൂരിലെ കാനകളിലേക്ക് മലം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴുക്കിവിടുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ആയതിനാൽ നിയമനടപടി സ്വീകരിക്കേണ്ടി വന്നിട്ടില്ല.

ഗുരുവായൂർ മുനിസിപ്പാലിറ്റി എഴുതിത്തന്നതാണ് മേൽകൊടുത്തിരിക്കുന്നത്.മലം പുറത്തുവിടുന്നില്ലെങ്കിൽ പിന്നെയുള്ളത് കുളിമുറിയിലെ വെള്ളം മാത്രമാണ്. അത് സംസ്കരിക്കാൻ 15 കോടിയുടെ പ്ലാന്റ് എന്തിനാണ്?. കുറഞ്ഞ ചെലവിൽ ലോഡ്ജ് ഹോട്ടലുകളുടെ മുറ്റത്ത് വെച്ചുതന്നെ സംസ്കരിക്കാവുന്നതാണ്. ഗുരുവായൂരിലെ ഭൂരിഭാഗം ഹോട്ടൽ - ലോഡ്ജുകൾക്കും, ആവശ്യമായ വലുപ്പത്തിലുള്ളതും, പ്രവർത്തിക്കുന്നതുമായ സെപ്റ്റിക് ടാങ്ക് കക്കൂസുകളില്ല. മുനിസിപ്പാലിറ്റി നിയമം നടപ്പാക്കിയാൽ മലം പുറത്തേക്കൊഴുകില്ല. അപ്പോൾ പ്ലാന്റിന്റെ ആവശ്യവുമില്ല.

പ്ലാന്റ് സ്ഥാപിക്കുന്നത് ചക്കംകണ്ടം കായൽ തൂർത്തിട്ടാണ്. ചക്കംകണ്ടം കായൽ CRZ-ൽ പെട്ടതാണ്. കായൽ തൂർക്കാൻ ആർക്കാണധികാരം?. പ്ലാന്റ് പണിയുന്നത് തൈക്കാട് പഞ്ചായത്തിൽപ്പെട്ട കായലിലാണ്. പഞ്ചായത്ത് പ്ലാന്റ് പണിയാൻ അനുവാദം കൊടുത്തിട്ടില്ല. പണിയരുത് എന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്. എൻവയർമെന്റൽ ഇഫക്റ്റ് അസ്സസ്മെന്റ് / പരിസ്ഥിതി ആഘാത പഠനം ആരും നടത്തിയിട്ടില്ല. പ്ലാന്റ് പണിയുമ്പോൾ ഫാക്ടറിനിയമങ്ങൾ പാലിക്കേണ്ടതാണ്. അത് പാലിച്ചാൽ CRZൽ പെട്ട ചക്കം കണ്ടം കായലിൽ പ്ലാന്റ് പണിയാൻ പറ്റില്ല. കേരളസർക്കാരിന്റെ മന്ത്രിമാർ, പാലോളിയും, എൻ.കെ പ്രേമചന്ദ്രനും മറ്റും മാലിന്യത്തെക്കുറിച്ച് പറഞ്ഞ പ്രചരിപ്പിക്കുന്ന രണ്ട് കാര്യങ്ങൾ ഉണ്ട്.

(a) മാലിന്യമേതായാലും ഉറവിടത്തിൽ സംസ്കരിക്കണം.

(b) വികേന്ദ്രീകൃത മാലിന്യ സംസ്കരണമേ ജനസാന്ദ്രതയേറിയ കേരളത്തിൽ നടപ്പാക്കാനാവൂ.

മന്ത്രിമാർ പറയുന്നത് നടപ്പാക്കണമെന്നാണ് ഞങ്ങളുടെ ആവശ്യം.

*പാലുവായ് പി ഒ, ചാവക്കാട്, തൃശ്ശൂർ*

